# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂലൈ 8, തിങ്കൾ

**നമ്പർ 147**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2024 ഫെബ്രുവരി 12-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 2304-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് മേശപ്പുറത്തുവച്ചു.

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം :

ജൽജീവൻ മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കാത്തതായും കേന്ദ്ര ഫണ്ട് ലാപ്സായതുമൂലം പദ്ധതി താളം തെറ്റിയതായും പറയപ്പെടുന്ന സാഹചര്യം നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അനൂപ് ജേക്കബും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) പക്ഷിപ്പനി നിയന്ത്രണ വിധേയമാക്കേണ്ടതിന്റെയും ഭാവിയിൽ പക്ഷിപ്പനി പടരാതിരിക്കുന്നതിന് മുൻകരുതലുകൾ സ്വീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീമതി സി. കെ. ആശ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 972/2024.

(2) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കാൻ കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. റോജി എം. ജോൺ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. വി. ഡി. സതീശൻ | കേരള ബാങ്കിനെ 'സി' ഗ്രേഡിലേക്ക് തരം താഴ്ത്തിയ നടപടി | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2 | ശ്രീ. റോജി എം. ജോൺ | കാലടി, അങ്കമാലി പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിനായി ഭൂമി ഏറ്റെടുക്കൽ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. മോൻസ് ജോസഫ് | കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ, പുതുശ്ശേരി ഇമേജ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം | തദ്ദേശ സ്വയംഭരണ – എക്സൈസ് - പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. സജീവ് ജോസഫ് | വളക്കൈ-കൊയ്യം റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | കരിനിലം-പശ്ചിമ-കുഴിമാവ് റോഡ് പുനരുദ്ധാരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ശ്രീ. എം. എം. മണി | ഉടുമ്പൻചോല ഗവ. തമിഴ് ഹൈസ്കൂളിൽ UP വിഭാഗം അനുവദിക്കുന്നതിന് നടപടി | ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 9 | ശ്രീമതി കാനത്തിൽ ജമീല | ടെക്നിക്കൽ ഹൈസ്കൂളുകളിൽനിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കുന്നവരുടെ പ്ലസ് വൺ പ്രവേശനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ശശി | തോന്നയ്ക്കൽ എം.ആർ.എസ്.- ന്റെ പ്രവർത്തനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 11 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടി ഭൂതിവഴി ഊരിൽ ഭവനനിർമ്മാണ തട്ടിപ്പിനിരയായവർക്ക് വീട് നിർമ്മിച്ചു നൽകൽ | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

(i) സബ്ജക്ട് കമ്മിറ്റി I-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(ii) സബ്ജക്ട് കമ്മിറ്റി II-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(iii) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(iv) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(v) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(vi) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(vii) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപത് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(viii) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(ix) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(x) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

ഗവർണ്ണറുടെ അനുമതി ലഭിച്ച ആക്ട് യഥാസമയം സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച് ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2023 സെപ്റ്റംബർ 13-ാം തീയതി നിയമസഭ പാസ്സാക്കുകയും, 2023 നവംബർ 12-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും, നവംബർ 15-ാം തീയതി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ട് 2024 ജൂൺ 27-ാം തീയതിയാണ് സഭയുടെ മേശപ്പുറത്തു വച്ചതെന്നും ഇക്കാര്യത്തിൽ നീണ്ട കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ഇതൊഴിവാക്കാൻ

ശക്തമായ നിർദ്ദേശം നൽകേണ്ടതാണെന്നുമാണ് ശ്രീ. എ. പി. അനിൽ കുമാർ ചട്ടം 303 പ്രകാരം ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി ലഭിച്ച ഈ ആക്റ്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി 2024 ജൂൺ 15-ാം തീയതി നിയമസഭയിൽ ലഭ്യമാക്കിയ വേളയിൽത്തന്നെ ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിൽ ഒരു ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതു സാഹചര്യത്തിലായിരുന്നു എന്നത് സംബന്ധിച്ച് നേരിട്ട് ഹാജരായി വിശദീകരിക്കുവാൻ നിയമവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഗവർണ്ണറുടെ അനുമതി ലഭിച്ച ഈ നിയമത്തിന്റെ മൂലഭാഷയായ മലയാളത്തിലുള്ള വിജ്ഞാപനം 2023 നവംബർ 15-ാം തീയതി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അതിന്റെ ഇംഗ്ലീഷിലുള്ള ആധികാരിക പകർപ്പു കൂടി പ്രസിദ്ധീകരിച്ചതിനു ശേഷം ഒരുമിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്ക് ലഭ്യമാക്കാം എന്ന് കരുതിയതുമൂലമാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടതെന്നാണ് നിയമ സെക്രട്ടറി നേരിട്ടു ഹാജരായി വിശദീകരിച്ചത്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചവരുത്തിയിട്ടില്ലെന്നും സംഭവിച്ച കാര്യങ്ങളിൽ ഖേദം രേഖപ്പെടുത്തുന്നതായും ഇത്തരം ഗുരുതര വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദേശം നൽകുന്നതാണെന്നും നിയമസെക്രട്ടറി അറിയിച്ചിരുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ യാതൊരു കാരണവശാലും ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന കർശന നിർദേശം അദ്ദേഹത്തിന് നൽകിയിട്ടുമുണ്ട്.

സഭ പാസ്സാക്കിയ ഒരു ബിൽ നിയമമായി പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞാലുടൻ അക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേയ്ക്കായി എത്രയും വേഗം അത് സഭയുടെ മേശപ്പുറത്തു വയ്ക്കുക എന്നത് 1989 മുതൽ നമ്മുടെ സഭയിൽ നടന്നു വരുന്ന ഒരു നടപടി ക്രമമാണ്. 1989 ജൂൺ 2-ാം തീയതി അന്നത്തെ സ്പീക്കർ പുറപ്പെടുവിച്ച ഒരു ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ് ഈ നടപടിക്രമം ആരംഭിച്ചത്. പ്രസ്തുത ഡയറക്ഷൻ ചെയറിൽ നിന്നുള്ള മറ്റ് നിർദേശങ്ങളോടൊപ്പം നമ്മുടെ നടപടി ചട്ടങ്ങളുടെ അനുബന്ധം I-ൽ 13-ാമതായിട്ടാണ് ചേർത്തിരിക്കുന്നത്. അത്തരത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന ഒരു നടപടിക്രമവും സഭയുടെ അവകാശവുമാണ് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നത്.

ഭാവിയിൽ ഇതുപോലുള്ള ഗുരുതര വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചെയറിന്റെ നിർദ്ദേശം പ്രത്യേകമായി പുറപ്പെടുവിക്കുന്നതും അത് നടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ള അനുബന്ധം I-ൽ ഉൾപ്പെടുത്തുന്നതുമാണ്. അതോടൊപ്പം ഇക്കാര്യം ഒരു ചട്ട വ്യവസ്ഥയായി നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം കൂടി പരിശോധിക്കുന്നതുമാണ്. ”

ധനകാര്യം :

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനയെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XXV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 7, 8, 9, 11, 12, 13, 14, 15, 16, 17, 18, 19, 21, 22, 26, 33, 34, 36, 38, 39, 40, 41, 44, 45, 46, 47, 48, 49 എന്നീ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. വി. ശശി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. പി. പി. സുമോദ്

ശ്രീ. എ. പി. അനിൽ കുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളുവും, ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥന XXV വോട്ടിനിട്ട് സഭ പാസ്സാക്കി.

തുടർന്ന്, ധനാഭ്യർത്ഥനകളിന്മേൽ വോട്ടെടുപ്പ് നടത്താനുള്ള അവസാന ദിവസമായതിനാൽ അതുവരെ വോട്ടിനിടാതിരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിച്ചു.

I — സംസ്ഥാന നിയമസഭ

XLIII — നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും

XLV —പലവക വായ്പകളും മുൻകൂറുകളും

ധനാഭ്യർത്ഥന നമ്പർ IV, XLV എന്നിവയെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു. തുടർന്ന് ധനാഭ്യർത്ഥന നമ്പർ I, XLIII, XLV എന്നിവ സഭ പാസ്സാക്കി.

<u>നിയമനിർമ്മാണകാര്യം :</u>

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും</u>

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയിരുന്ന ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയ തനുസരിച്ച് ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി. യു. പ്രതിഭ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ഡി. പ്രസേനനും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ മറുപടി നൽകി. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ താഴെപ്പറയുന്ന ഭേദഗതിയോടുകൂടി സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

In section 2 (bb) proposed to be inserted in the principal Act by Clause 2(i), for the word "amount" occurring after "realisation of" , the words "amounts due" shall be substituted.

<u>അഞ്ചാം വകുപ്പ്</u>

(i) In section 36 (3) proposed to be inserted in the principal Act by Clause 5, for the word "collector", the word "Collector" shall be substituted wherever it occurs.

(ii) In section 36 (3) proposed to be inserted in the principal Act by Clause 5, for the words "attachment on a portion" the words "attachment to a portion" shall be substituted wherever it occurs.

<u>എട്ടാം വകുപ്പ്</u>

(i) In section 50(4) proposed to be amended in the principal Act by Clause 8(4)(b), after the figure "71", the words "of this Act" shall be inserted.

(ii) In section 50(4) proposed to be amended in the principal Act by Clause 8(4)(b), for the word "realizing", the word "realising" shall be substituted.

(iii) In section 50(5) proposed to be inserted in the principal Act by Clause 8(5), for the word “village”, the word “revenue” shall be substituted.

<u>ഒൻപതാം വകുപ്പ്</u>

(i) After section 50A (3) proposed to be inserted in the principal Act by Clause 9, the following explanation shall be inserted, namely:-

“ Explanation:- For the purpose of this section defaulter includes legal heirs also.”

(ii) In section 50A(1) proposed to be inserted in the principal Act by Clause 9, for the word “realized” the word “realised” shall be substituted.

(iii) In section 50A(1) proposed to be inserted in the principal Act by Clause 9, after the word and figure “section 71”, the words “of this Act” shall be inserted.

<u>പതിനൊന്നാം വകുപ്പ്</u>

In section 57(2) proposed to be substituted in the principal Act by Clause 11, after the brackets and figure “(1)” the words and figure “of section 56 of this Act” shall be inserted.

<u>പതിനാലാം വകുപ്പ്</u>

(i) In section 83A proposed to be inserted in the principal Act by Clause 14, for the words “Workmen Compensation Act” the words “Employee's Compensation Act” shall be substituted.

(ii) In section 83C proposed to be inserted in the principal Act by Clause 14, after the figure “71”, the words “of this Act” shall be inserted.

2024 ജൂലൈ 9-ാം തീയതി, ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.18 - ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

972/2024.

## FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, July 8, 2024*

**[English Version]**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Five Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question* :

The Corrected answer to Unstarred question No. 2304 dated 12th February 2024 of Tenth session of Fifteenth Kerala Legislative Assembly were laid on the Table by Smt. Veena George, Minister for Health and Woman and Child Development.

*Adjournment Motion* :

After hearing the Minister for Water Resources, the Speaker withheld consent to the moving of an adjournment motion given notice of by Shri Anoop Jacob and five other Members regarding the situation reported to have arisen as the Jal Jeevan Mission Project has not achieved its target and the project has been derailed due to lapse of central funds.

As a mark of protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.

*Calling Attention* :

1. Smt. C. K. Asha called the attention of the Minister for Animal Husbandry and Dairy Development to the necessity to control avian flu and to take precautionary measures to prevent its spread in future. The Minister for Agriculture on behalf of Minister for Animal Husbandry and Dairy Development made a statement thereto.

KNPP. 972/2024.

2. Shri Roji M. John called the attention of the Minister for Law, Industries and Coir to the necessity to formulate an action plan to resolve the crisis reported to have faced by the Kerala State Bamboo Corporation. The Minister made a statement thereto.

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. വി. ഡി. സതീശൻ | കേരള ബാങ്കിനെ 'സി' ഗ്രേഡിലേക്ക് തരം താഴ്ത്തിയ നടപടി | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 2 | ശ്രീ. റോജി എം. ജോൺ | കാലടി, അങ്കമാലി പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിനായി ഭൂമി ഏറ്റെടുക്കൽ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. മോൻസ് ജോസഫ് | കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴ, പുതുശ്ശേരി ഇമേജ് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം | തദ്ദേശ സ്വയംഭരണ – എക്സൈസ് - പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. സജീവ് ജോസഫ് | വളക്കൈ-കൊയ്യം റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | കരിനിലം-പശ്ചിമ-കുഴിമാവ് റോഡ് പുനരുദ്ധാരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ശ്രീ. എം. എം. മണി | ഉടുമ്പൻചോല ഗവ. തമിഴ് ഹൈസ്കൂളിൽ UP വിഭാഗം അനുവദിക്കുന്നതിന് നടപടി | ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 9 | ശ്രീമതി കാനത്തിൽ ജമീല | ടെക്നിക്കൽ ഹൈസ്കൂളുകളിൽനിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കുന്നവരുടെ പ്ലസ് വൺ പ്രവേശനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ശശി | തോന്നയ്ക്കൽ എം.ആർ.എസ്സ്.-ന്റെ പ്രവർത്തനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 11 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടി ഭൂതിവഴി ഊരിൽ ഭവനനിർമ്മാണ തട്ടിപ്പിനിരയായവർക്ക് വീട് നിർമ്മിച്ചുനൽകൽ | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports* :

(i) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - I were presented.

(ii) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - II were presented.

(iii) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - IV were presented.

(iv) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - IX were presented.

(v) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - XI were presented.

(vi) The Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third report regarding the scrutiny of demands for grants for the year 2023-2024 of the Subject Committee - XIII were presented.

(vii) The Twenty Ninth to Thirty Third Reports of the Committee on Public Undertakings were presented.

(viii) The Eleventh and Twelfth Reports of the Committee on Environment were presented.

(ix) Third and Fourth Reports of the Committee on the Welfare of Fishermen and Allied Workers were presented.

(x) The Eleventh to Fourteenth Reports of the Committee on the Welfare of Non-Resident Keralites were presented.

*Ruling by the Speaker :*

The Speaker gave the following ruling on the point of order raised by Shri A. P. Anil Kumar regarding the delay in the laying of the Act in the Assembly in due time for which the assent of the Governor has been received.

“2023 സെപ്റ്റംബർ 13-ാം തീയതി നിയമസഭ പാസ്സാക്കുകയും, 2023 നവംബർ 12-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും, നവംബർ 15-ാം തീയതി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്റ്റ് 2024 ജൂൺ 27-ാം തീയതിയാണ് സഭയുടെ മേശപ്പുറത്ത് വച്ചതെന്നും ഇക്കാര്യത്തിൽ നീണ്ട കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ഇതൊഴിവാക്കാൻ

ശക്തമായ നിർദ്ദേശം നൽകേണ്ടതാണെന്നുമാണ് ശ്രീ. എ. പി. അനിൽ കുമാർ ചട്ടം 303 പ്രകാരം ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി ലഭിച്ച ഈ ആക്റ്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി 2024 ജൂൺ 15-ാം തീയതി നിയമസഭയിൽ ലഭ്യമാക്കിയ വേളയിൽത്തന്നെ ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിൽ ഒരു ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതു സാഹചര്യത്തിലായിരുന്നു എന്നത് സംബന്ധിച്ച് നേരിട്ട് ഹാജരായി വിശദീകരിക്കുവാൻ നിയമവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഗവർണ്ണറുടെ അനുമതി ലഭിച്ച ഈ നിയമത്തിന്റെ മൂലഭാഷയായ മലയാളത്തിലുള്ള വിജ്ഞാപനം 2023 നവംബർ 15-ാം തീയതി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അതിന്റെ ഇംഗ്ലീഷിലുള്ള ആധികാരിക പകർപ്പുകൂടി പ്രസിദ്ധീകരിച്ചതിനു ശേഷം ഒരുമിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്ക് ലഭ്യമാക്കാം എന്ന് കരുതിയതുമൂലമാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടതെന്നാണ് നിയമ സെക്രട്ടറി നേരിട്ട് ഹാജരായി വിശദീകരിച്ചത്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചവരുത്തിയിട്ടില്ലെന്നും സംഭവിച്ച കാര്യങ്ങളിൽ ഖേദം രേഖപ്പെടുത്തുന്നതായും ഇത്തരം ഗുരുതര വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണെന്നും നിയമസെക്രട്ടറി അറിയിച്ചിരുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ യാതൊരു കാരണവശാലും ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന കർശന നിർദ്ദേശം അദ്ദേഹത്തിന് നൽകിയിട്ടുമുണ്ട്.

സഭ പാസ്സാക്കിയ ഒരു ബിൽ നിയമമായി പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞാലുടൻ അക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേക്കായി എത്രയും വേഗം അത് സഭയുടെ മേശപ്പുറത്തു വയ്ക്കുക എന്നത് 1989 മുതൽ നമ്മുടെ സഭയിൽ നടന്നുവരുന്ന ഒരു നടപടി ക്രമമാണ്. 1989 ജൂൺ 2-ാം തീയതി അന്നത്തെ സ്പീക്കർ പുറപ്പെടുവിച്ച ഒരു ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ് ഈ നടപടിക്രമം ആരംഭിച്ചത്. പ്രസ്തുത ഡയറക്ഷൻ ചെയറിൽ നിന്നുള്ള മറ്റ് നിർദ്ദേശങ്ങളോടൊപ്പം നമ്മുടെ നടപടി ചട്ടങ്ങളുടെ അനുബന്ധം I-ൽ 13-ാമതായിട്ടാണ് ചേർത്തിരിക്കുന്നത്. അത്തരത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന ഒരു നടപടിക്രമവും സഭയുടെ അവകാശവുമാണ് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നത്.

ഭാവിയിൽ ഇതുപോലുള്ള ഗുരുതര വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചെയറിന്റെ നിർദ്ദേശം പ്രത്യേകമായി പുറപ്പെടുവിക്കുന്നതും അത് നടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ള അനുബന്ധം I-ൽ ഉൾപ്പെടുത്തുന്നതുമാണ്. അതോടൊപ്പം ഇക്കാര്യം ഒരു ചട്ട വ്യവസ്ഥയായി നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം കൂടി പരിശോധിക്കുന്നതുമാണ്. ”

*Financial Business* :

*Discussion and Voting on Demands for Grants in the Budget for the financial year 2024-25*

Shri O. R. Kelu, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes moved Demand No. XXV – Welfare of Scheduled Castes/Scheduled Tribes/Other Backward Classes and Minorities for the amount shown respectively against it under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands No. XXV.

The cut motion Nos. 1, 3, 5, 7, 8, 9, 11, 12, 13, 14, 15, 16, 17, 18, 19, 21, 22, 26, 33, 34, 36, 38, 39, 40, 41, 44, 45, 46, 47, 48, 49 in the list of cut motions for Demand No. XXV were moved.

The following members took part in the discussion:

Shri Murali Perunelly

Shri I. C. Balakrishnan

Shri V. Sasi

Shri Manjalamkuzhi Ali

Shri Sebastian Kulathunkal

Shri P.T.A. Rahim

Shri M. S. Arun Kumar

Smt. O. S. Ambika

Shri P. C. Vishnunadh

Shri K. M. Sachindev

Smt. Santhakumari K.

Shri G. Steephen

Shri Kovoor Kunjumon

Shri N. A. Nellikkunnu

Shri V. R. Sunil Kumar

Shri P. P. Sumod

Shri A. P. Anil Kumar

Shri O. R. Kelu, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Shri V. Abdurahiman, Minister for Sports, Wakf and Haj replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXV was put to vote and passed.

Being the last day allotted for voting on Demands for Grants, all the remaining Demands given below were guillotined in the following order for the amounts shown respectively against them in column 7 in the list of Demands for Grants.

I── State Legislature

XLIII──Compensation and Assignments

XLV──Miscellaneous Loans and Advances.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos. IV and XLV. Then the Demand Nos. I, XLIII and XLV were passed.

*Legislative Business*:

*Motion for consideration and further stages of the Kerala Revenue Recovery (Amendment) Bill, 2024 as reported by the Subject Committee*

Shri K. Rajan, Minister for Revenue and Housing moved the motion that the Kerala Revenue Recovery (Amendment) Bill, 2024 as reported by the Subject Committee be taken up for consideration.

Shri N. A. Nellikkunnu and Shri Saneeshkumar Joseph who recorded their dissent to the Subject Committee Report spoke.

Shri T. Siddique as authorised by Shri Chandy Oommen moved an amendment to circulate the Kerala Revenue Recovery (Amendment) Bill, 2024 for obtaining public opinion and spoke. Shri K. D. Prasenan as authorised by Smt. U. Prathibha moved another amendment to recommit the Bill to the same Subject Committee and spoke.

Shri K. Rajan, Minister for Revenue and Housing replied to the points raised during the discussion. After discussion and reply of the Minister, the amendment to circulate the Bill for obtaining public opinion was declared lost and the amendment to recommit the Bill to the same Subject Committee was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken up for consideration and was passed by the House with the following amendments.

*Clause - 2*

In section 2 (bb) proposed to be inserted in the principal Act by Clause 2(i), for the word “amount” occurring after “realisation of”, the words “amounts due” shall be substituted.

*Clause - 5*

(i) In section 36 (3) proposed to be inserted in the principal Act by Clause 5, for the word “collector”, the word “Collector” shall be substituted wherever it occurs.

(ii) In section 36 (3) proposed to be inserted in the principal Act by Clause 5, for the words “attachment on a portion” the words “attachment to a portion” shall be substituted wherever it occurs.

*Clause - 8*

(i) In section 50(4) proposed to be amended in the principal Act by Clause 8(4)(b), after the figure “71”, the words “of this Act” shall be inserted.

ii) In section 50(4) proposed to be amended in the principal Act by Clause 8(4)(b), for the word “realizing”, the word “realising” shall be substituted.

iii) In section 50(5) proposed to be inserted in the principal Act by Clause 8(5), for the word “village”, the word “revenue” shall be substituted.

*Clause - 9*

(i) After section 50A (3) proposed to be inserted in the principal Act by Clause 9, the following explanation shall be inserted, namely:—

" Explanation:— For the purpose of this section defaulter includes legal heirs also."

(ii) In section 50A(1) proposed to be inserted in the principal Act by Clause 9, for the word "realized" the word "realised" shall be substituted.

(iii) In section 50A(1) proposed to be inserted in the principal Act by Clause 9, after the word and figure "section 71", the words "of this Act" shall be inserted.

*Clause - 11*

In section 57(2) proposed to be substituted in the principal Act by Clause 11, after the brackets and figure "(1)" the words and figure "of section 56 of this Act" shall be inserted.

*Clause - 14*

i) In section 83A proposed to be inserted in the principal Act by Clause 14, for the words "Workmen Compensation Act" the words "Employee's Compensation Act" shall be substituted.

ii) In section 83C proposed to be inserted in the principal Act by Clause 14, after the figure "71", the words "of this Act" shall be inserted.

The House adjourned at 5.18 p.m. to meet again at 9.00 a.m. on Tuesday, July 9, 2024.

DR. N. KRISHNA KUMAR,
*Secretary*.